entri

# Current affairs 25 Nov 2025

- **സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനം**

  നവംബർ 25

  - സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങളുടെ ആഗോള വിപത്ത് അവസാനിപ്പിക്കുന്നതിനുള്ള അവബോധം വളർത്തുന്നതിനും നടപടിയെടുക്കുന്നതിനുമായി, യുഎൻ നവംബർ 25 സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനമായി ആചരിക്കുന്നു.

- **ഇന്ത്യയും ഭൂട്ടാനും സംയുക്തമായി നിർമ്മിച്ച, 2025 നവംബറിൽ ഉദ്ഘാടനം ചെയ്ത ഭൂട്ടാനിലെ ജലവൈദ്യുതപദ്ധതി**

  പുനാത്സാങ്ച്ചു-II

  - ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും, ഭൂട്ടാൻ രാജാവ് ജിഗ്മെ കേസർ നംഗ്യാൽ വാങ്ചുക്കും ചേർന്നാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്.
  - ഭൂട്ടാനിലെ വാങ്ഡ്യൂ ഫോഡ്രാങ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന 1020 മെഗാവാട്ട് വൈദ്യുതപദ്ധതിയാണ് പുനാത്സാങ്ച്ചു-II.
  - പുനാത്സാങ്ച്ചു നദിയുടെ കരയിലാണ് പദ്ധതി സ്ഥിതി ചെയ്യുന്നത്.

- **അംഗോളയുടെ 50-ാം സ്വാതന്ത്ര്യ വാർഷികാഘോഷങ്ങളിൽ പങ്കെടുത്ത ഇന്ത്യൻ പ്രസിഡന്റ്**

  ദ്രൗപതി മുർമു

- **പ്രഥമ ബ്ലൈൻഡ് വനിതാ ടി20 ലോകകപ്പ് കിരീടജേതാക്കൾ**

  ഇന്ത്യ

  - കൊളംബോയിൽ നടന്ന ഫൈനലിൽ നേപ്പാളിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ കിരീടം സ്വന്തമാക്കിയത്.

- **രണ്ടാം ലോകമഹായുദ്ധസമയത്ത് ഒരു രഹസ്യ ബ്രിട്ടീഷ് ഏജന്റായി ഫ്രഞ്ച് പ്രതിരോധത്തിൽ വഹിച്ച പങ്കിന് ഫ്രാൻസ് സ്മാരക തപാൽ സ്റ്റാമ്പിലൂടെ ആദരിച്ച ഏക ഇന്ത്യൻ വംശജയായ വനിത**

  നൂർ ഇനായത് ഖാൻ








ദ്രൗപതി മുർമു



4.8 ★ Download the app now | Learn in Malayalam